www.malankaralibrary.com

ലക്കം 2

2023 ജനുവരി


# യുവദീപ്തി

എം. സി. വൈ. എം മാവേലിക്കര ഭദ്രാസന ത്രൈമാസിക



www.malankaralibrary.com

# പ്രണാമം...



www.malankaralibrary.com


January 1

PRAYERFUL FESTAL GREETINGS




## His Beatitude Moran Mor Baselios Cardinal Cleemis Catholicos

www.malankaralibrary.com



www.malankaralibrary.com

# ഇടയശബ്ദം



*"തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു." (യോഹ.3:16)*

സമാധാനത്തിന്റെ സനാതന സന്ദേശവുമായി ഒരു ക്രിസ്തുമസ് കൂടി സമാഗതമാവുകയാണ്. മനുഷ്യ വംശത്തിന്റെ നിത്യരക്ഷയ്ക്കായി ദൈവം തന്റെ ഏകജാതനെ നമ്മുക്കായി തന്ന സുദിനം. മാനവഹൃദയം നന്മയാൽ പൂരിതമാകുന്ന അനുഗ്രഹീത കാലഘട്ടം. വർണ്ണ പകിട്ടാർന്ന ക്രിസ്തുമസ് കാർഡുകളും നയനാനന്ദകരമായ നക്ഷത്രവിളക്കുകളും കണ്ണഞ്ചിപ്പിക്കുന്ന ദീപാലങ്കാരങ്ങളും നമ്മുടെ ക്രിസ്തുമസ് ആഘോഷങ്ങളെ മോടി പിടിപ്പിക്കുമ്പോൾ ഓർക്കുക ബേത്‌ലഹേമിലെ കാലിത്തൊഴുത്തിൽ പിറന്ന ഉണ്ണിയേശുവിനെ കാണാൻ ഭാഗ്യം സിദ്ധിച്ചത് വിനീതരായ ആട്ടിടയന്മാർക്കും വിദൂരസ്ഥരായ വിജാതീയ ജ്ഞാനികൾക്കുമാണ്. അതുകൊണ്ട് തന്നെ വിശുദ്ധിയുടെ ഹൃദയത്തിന്റെ ഉടമകളാകാൻ നിങ്ങൾ യുവജനങ്ങൾ ശ്രദ്ധിക്കണം.

ക്രിസ്തുവില്ലാത്ത ക്രിസ്തുമസ് ആഘോഷങ്ങളല്ല നമ്മുക്ക് വേണ്ടത്. നമ്മുക്കായി കാലിത്തൊഴുത്തിൽ പിറന്ന ഉണ്ണിയേശുവിനെ ഹൃദയത്തോട് ചേർത്തുപിടിച്ചുള്ള ക്രിസ്തുമസ് ആഘോഷത്തിന് യുവജനങ്ങളായ നിങ്ങൾ ചുക്കാൻ പിടിക്കണം. തിരുപിറവിയുടെ എല്ലാ മംഗളങ്ങളും നിങ്ങൾക്കേവർക്കും ആശംസിക്കുന്നു...

ഒരു വർഷകാലം ദൈവം തന്ന നന്മകളെ ഓർക്കാം. നവമായവയെ സ്വീകരിച്ച് ഒരു പുതു സൃഷ്ടിയായി പുതു വർഷത്തെ വരവേൽക്കാം. നന്മയുടെ സന്തോഷത്തിന്റെയും ഒരു പുതു വർഷം ഏവർക്കും നേരുന്നു.

Mar Ignathios

BISHOP JOSHUA MAR IGNATHIOS * MAVELIKARA *

**+ ജോഷ്വാ മാർ ഇഗ്നാത്തിയോസ്**

മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്ത

www.malankaralibrary.com

# Director's Corner



*അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം!*
*ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം! (ലൂക്കാ 2 : 14)*

വീണ്ടും ഒരു ക്രിസ്തുമസ് കൂടി.
ഓർമകൾക്ക് സുഗന്ധവും കാഴ്ചകൾക്ക് തിളക്കവും മനസ്സിന് മധുരവും സമ്മാനിക്കുന്ന മനോഹരമായ കാലം.
മഞ്ഞിന്റെ കുളിരും നക്ഷത്രങ്ങളുടെ തിളക്കവും പുൽക്കൂടിന്റെ പുതുമയും പാതിരാകുർബാനയുടെ പവിത്രതയും
കേക്കിന്റെ മധുരവും കരോളിനായുള്ള കാത്തിരിപ്പും ഒക്കെ സമ്മാനിച്ച ക്രിസ്തുമസ് കാലം.
സ്വാർഥതയും അസഹിഷ്ണുതയും നടമാടുന്ന ഈ കാലത്ത് സ്വന്തം ലാഭങ്ങൾക്ക് വേണ്ടി സുഹൃത്തുക്കളെയും സഹോദരരേയും മക്കളെയും മാതാപിതാക്കളെയും വരെ സംഹരിക്കാൻ തയ്യാറാവുന്ന വർത്തമാനകാല ചുറ്റുപാടിൽ ക്രിസ്തുമസ് എന്നത് കേവലം ഒരു അനുസ്മരണത്തിനും ആഘോഷത്തിനും അപ്പുറം ഒരു അനുഭവമായി മാറണം.
വെറുമൊരു ഉത്സവപ്രതീതിയുണ്ടാക്കി കടന്നുപോകുന്നതാകാതിരിക്കട്ടെ നമ്മുടെ ക്രിസ്തുമസുകൾ.
മറിച്ച് ആഴത്തിൽ അർത്ഥം മനസ്സിലാക്കി അതിന്റെ അന്തഃസത്ത ഉൾക്കൊള്ളുവാൻ പാകത്തിൽ നമ്മുടെ മനസ്സുകളെ ഒരുക്കാം.
കുമ്പസാരത്തിലൂടെ നമ്മുടെ പാപങ്ങൾ ഏറ്റുപറയാം.
ഈ ക്രിസ്തുമസ്സ് നമ്മുടെ ജീവിതത്തിലെ അവിസ്മരണീയമായ ഒന്നായി മാറട്ടെ.
ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.
ഏവർക്കും ക്രിസ്തുവിന്റെ തിരുപ്പിറവിയുടെ എല്ലാ മംഗളങ്ങളും, നല്ലൊരു പുതുവത്സരവും നേരുന്നു.

സ്നേഹപൂർവ്വം,
**ഡെന്നിസ് അച്ചൻ**



www.malankaralibrary.com



# എഡിറ്റോറിയൽ

ആഹ്ലാദവും ഭക്തിയും വിശ്വാസവും ഇഴചേർന്ന് മനുഷ്യഹൃദയങ്ങൾ ക്രിസ്തുവിന് പിറക്കാൻ
ഇടമൊരുക്കുന്ന സുന്ദരവും അപൂർവമായ അനുഭൂതിയുടെ വേളയാണ് ക്രിസ്തുമസ്.
സകലജനത്തിനുമുള്ള സന്തോഷത്തിന്റെയും സമാധാനത്തിന്റെയും പ്രത്യാശയുടെയും സന്ദേശമായിട്ടാണ്
ആദ്യ ക്രിസ്തുമസ്സിൽ മാലാഖമാർ ഈശോയുടെ ജനനത്തെക്കുറിച്ച് പാടിയത്.
എല്ലാവരെയും സന്തോഷിപ്പിക്കാനുള്ള ഒരു ജനനം; എല്ലാവരെയും ആശ്വസിപ്പിക്കാനുള്ള ഒരു ജനനം;
എല്ലാവർക്കും പ്രത്യാശ പകരാനുള്ള ഒരു ജനനം.
"അന്ധകാരത്തിൽ കഴിഞ്ഞ ജനത്തിന് ഒരു പ്രകാശമുദിച്ചു" എന്നാണ് പ്രവാചകൻ ഈശോയുടെ
ജനനത്തെക്കുറിച്ച് പറഞ്ഞത്.
ഈശോ വന്നത് എല്ലാവരെയും സന്തോഷിപ്പിക്കാനായിരുന്നു; ഏവർക്കും പ്രകാശം പകരാനായിരുന്നു.
എന്നാൽ ഉണ്ണീശോയെപോലെ നമ്മിൽ പലർക്കും സന്തോഷത്തോടെ ആയിരിക്കാൻ സാധിക്കുന്നില്ല;
സന്തോഷം പങ്കുവയ്ക്കാനാവുന്നില്ല.കാരണം, നമ്മുടെ പല ക്രിസ്തുമസും ക്രിസ്തു ഇല്ലാത്ത
ആഘോഷമായി, വെറും X-Mas ആയി മാറുന്നു;
വാക്കുകളിൽ മാത്രം നിറഞ്ഞു നില്ക്കുന്ന ക്രിസ്തുമസ്....
ലോക രക്ഷയ്ക്കായി പുൽക്കൂട്ടിൽ പിറന്ന ആ ഉണ്ണിയേശുവിലെ നന്മയെ മനസിലാക്കാനോ .......
ആ താരത്തെ ഹൃദയത്തോട് ചേർത്ത് വയ്ക്കാനോ ....
നമ്മളിൽ എത്ര പേർക്ക് സാധിക്കും എന്നുള്ളത് ഒരു ചോദ്യം ചിഹ്നം മാത്രമാണ് .....
ക്രിസ്തുവിനെ സ്വീകരിക്കാനുള്ള വിശുദ്ധിയുടെ പുൽകൂടായി മാറാൻ നാമോരോത്തർക്കും സാധിക്കട്ടെ....
ഏവർക്കും തിരുപിറവിയുടെ മംഗളങ്ങൾ നേരുന്നു .......

2023 വർഷത്തെ വരവേൽക്കാൻ ഏതാനും ദിവസങ്ങൾ ബാക്കി നില്ക്കുമ്പോൾ...
2023 വർഷം നമ്മുക്കേവർക്കും നന്മയായി തീരട്ടെ ....
നിറവിന്റെയും ആനന്ദത്തിന്റെയും നാളുകളായി തീരട്ടെ...
കണ്ണുനീർ തുള്ളികളുടെ ഉപ്പുരസത്തെ അലിയിച്ചു കളയുന്ന സ്നേഹമഴയായി ഈ വർഷം മാറട്ടെ ...
നന്മ നിറഞ്ഞ, സമൃദ്ധി നിറഞ്ഞ ഒരു പുതുവർഷം ഏവർക്കും ആശംസിക്കുന്നു.....

**രഞ്ചു രാജു**
എം. സി. വൈ. എം ഭദ്രാസന ജനറൽ സെക്രട്ടറി
ചീഫ് എഡിറ്റർ

www.malankaralibrary.com

# Presidential Voice



ഓർമ്മകൾ കൂട് കൂട്ടിയ മനസിന്റെ തളിർച്ചില്ലയിൽ നിറമുള്ള ഒരുപിടി ഓർമ്മകളുമായി ഒരു വർഷം കൂടി കടന്നു പോകുന്നു. ഒരു വീണ്ടുവിചാരത്തിനും വിചിന്തനത്തിനും വേദിയാകേണ്ട നിമിഷങ്ങൾ.... ആയുസ്സിന്റെ കണക്കു പുസ്തകത്തിൽ നിന്ന് ഒരേടുകൂടെ പറിച്ചെടുക്കപ്പെട്ടു എന്നാണ് ഓരോ പുതുവർഷവും നമ്മെ ഓർമ്മിപ്പിക്കുക. ഈ ചിന്തകൾ നമ്മെ ആലസ്യത്തിൽ നിന്നും ഉണർത്തണം. ഇന്നലെകളുടെ നഷ്ടങ്ങളെ നമുക്ക് നികത്താം. അകപ്പെട്ടുപോയ തിന്മകളുടെ ആഴിയിൽനിന്നും കരകയറി, നന്മകളെ ഉൾക്കൊണ്ടുകൊണ്ട്, ക്രിസ്തുവിനോട്, സഭയോട് ചേർന്നുനിന്നുകൊണ്ട് നമ്മുടെ ജീവിതങ്ങളെ കരുപ്പിടിപ്പിക്കാനുള്ള ശ്രമങ്ങൾ തുടങ്ങാം.

ഗ്രാമവീഥികളിലൂടെ പ്രജകളുടെ ക്ഷേമം അന്വേഷിച്ച് നടന്നു നീങ്ങിയ രാജാവിന്റെ കാൽ ഒരു കല്ലിൽ തട്ടി. കൊട്ടാരത്തിൽ മടങ്ങിയെത്തിയ രാജാവ് തന്റെ രാജ്യത്തെ വീഥികളിലെല്ലാം പരവതാനി വിരിക്കുവാൻ കല്പന പുറപ്പെടുവിച്ചു. മന്ത്രിമാർക്കും ഉന്നത ഉദ്യോഗസ്ഥർക്കും അങ്കലാപ്പായി. അപ്രായോഗിക തീരുമാനം. ഇതെങ്ങനെ നടപ്പിലാകും? മന്ത്രി മുഖ്യൻ രാജാവിനോട് ഉണർത്തിച്ചു. "വീഥികളിലെല്ലാം പരവതാനി വിരിക്കുന്നതിലും ഉചിതം ചെരുപ്പ് ധരിക്കുന്നതല്ലേ?". നാട് മുഴുവൻ പരവതാനി വിരിക്കുന്നതിനെക്കാൾ ചെരുപ്പ് ധരിക്കുക എത്രയോ സൗകര്യം, എത്രയോ പ്രായോഗികം. പിന്നിലേക്ക് നോക്കി പിഴവുകൾ കണ്ടെത്തി പരിഹരിച്ച് മുന്നേറാൻ ശ്രമിക്കുന്ന പുതുവർഷത്തിൽ അപ്രായോഗിക തീരുമാനങ്ങളിൽ പെട്ട് പരാജയപ്പെടാതെ പ്രായോഗിക തീരുമാനങ്ങളിലുറച്ച് വിജയിക്കുവാൻ ശ്രമിക്കുക. ഭൂതകാലത്തിൽ നിന്നും പാഠങ്ങൾ പഠിച്ച്, ഭാവികാലത്തെ സ്വപ്നങ്ങൾ ദൈവത്തോട് ചേർന്ന് കണ്ട്, വർത്തമാനകാലത്തെ ധന്യമാക്കുവാനുള്ള വെല്ലുവിളിയാണ് പുതുവൽസരത്തിൽ നാം ഏറ്റെടുക്കേണ്ടത്.

ഏവർക്കും ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ.

**ജിതിൻ ഷാജി**
എം. സി. വൈ. എം ഭദ്രാസന പ്രസിഡന്റ്

Happy New Year

www.malankaralibrary.com



# ആരംഭം



ഹന്ന സെറാഫിൻ
വെണ്മണി യൂണിറ്റ്
ചെങ്ങന്നൂർ വൈദീക ജില്ല



മനുഷ്യാ, നീ എന്ന പാ-
പത്തിനുവേണ്ടി
കാൽവരിയിലെ മരക്കു-
രിശിൽ യാഗമായി തീരുവാൻ
ഇതാ പുരുഷനെ അറിയാത്ത
കന്യകയുടെ ഗർഭപാത്രത്തിൽ
അവൻ രൂപമെടുത്തു.
ഭൂജാതൻ ആകുന്നതിനു
മുൻപ് തന്നെ യാത്രയ്ക്ക് ആരംഭം
കുറിച്ച നീ പിറന്നുവീണതോ
കന്നുകാലികൾക്കിടയിൽ.
നിന്റെ ജന്മത്തിൽ സന്തോഷിച്ച
സ്വർഗം, മാതൃഹൃദയത്തിലൂടെ
കടക്കുന്ന വാളിന്റെ മൂർച്ചയെ
ചൂണ്ടികാണിക്കുമ്പോഴും നീ
മനുഷ്യ രക്ഷയ്ക്കായി കുരിശു-
മരണത്തിനു പിറവിയെടുത്തത്
നിന്റെ ശരീരരക്തങ്ങൾ
ഞങ്ങൾക്കായി വെടിയുന്ന-
തിനായിരുന്നെങ്കിൽ നാഥാ
നീ എന്നിൽ മരണമില്ലാത്ത
ക്രിസ്തുനാഥനായി ജീവിക്കുന്നു.

www.malankaralibrary.com



# സിനിമയും ക്രിസ്തീയതയും



**ആൻസി എസ് ജോർജ്**
ചൊവള്ളൂർ
കൊല്ലം വൈദിക ജില്ല

സിനിമ എന്നുള്ളത് സമൂഹത്തിന്റെ പ്രതിഫലനമാണ്. സമൂഹത്തിലെ എല്ലാ തലങ്ങളെയും എടുത്തുകാട്ടുന്ന ജനങ്ങൾക്ക് വിജ്ഞാനപ്രദവും വിനോദവുമാകുന്നതുമാണ് സിനിമ.

സിനിമ ക്രിസ്തുമതത്തെ ഏതെങ്കിലും രീതിയിൽ പ്രോത്സാഹിപ്പിക്കുന്നുണ്ടോ എന്നൊരു ചോദ്യം ഉരുതിരിഞ്ഞുവന്നാൽ ഇല്ല എന്നുതന്നെയാണ് ഉത്തരം. സമീപകാല സിനിമയിൽ ക്രിസ്തീയത മുന്നിട്ടു നിൽക്കുന്നതായി കാണപ്പെടുന്നുണ്ട്. അത് ഏതൊരു നിർമാതാവിന്റെയും എഴുത്തുകാരന്റെയും സംവിധായകന്റെയും സ്വാതന്ത്ര്യത്തെ ആശ്രയിച്ചിരിക്കും. പല സിനിമകളിലും കഥാപാത്രങ്ങൾക്കു മതത്തിന്റെ അടിസ്ഥാനത്തിൽ പേരുകൾ നൽകുന്നതായി കണ്ടുവരുന്നു. ഉദാഹരണമായി മലയാള സിനിമകൾ എടുക്കുകയാണെങ്കിൽ 'പറവ' എന്ന സിനിമ ഒരു മുസ്‌ലിം ഭൂരിപക്ഷ പ്രദേശത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. അതിനാൽ സ്വാഭാവികമായി അതിലെ കഥാപാത്രങ്ങൾക്ക് മുസ്‌ലിം പേരുകൾ നൽകപ്പെടും. മറ്റൊരു അമ്പലമോ അതുമായി ബന്ധപ്പെട്ട പ്രദേശങ്ങളോ ആണ് ചിത്രീകരിക്കുന്നതെങ്കിൽ അതിലെ കഥാപാത്രങ്ങൾക്ക് ഹിന്ദു പേരുകൾ നൽകുന്നു. ഉദാഹരണമാണ് 'ആറാം തമ്പുരാൻ'. മറ്റൊരു ഉദാഹരണമാണ് 'ആമ്മേൻ', 'അങ്കമാലി ഡയറീസ്" തുടങ്ങിയ ചിത്രങ്ങൾ. പള്ളികളെ ആസ്പദമാക്കിയുള്ളവയായതിനാൽ ക്രിസ്തീയ പേരുകൾ കഥാപാത്രങ്ങൾക്കു നൽകുന്നു. ഇതു തികച്ചും ജനസംഖ്യാധിഷ്ഠിതമായിട്ടുള്ളതും സംവിധായകന്റെയോ എഴുത്തുകാരന്റെയോ സ്വാതന്ത്ര്യ ആവിഷ്കാരത്തെയും ബന്ധപ്പെട്ടിരിക്കുന്നു.

പലപ്പോഴും സിനിമകളിൽ ക്രിസ്തീയത പരിഹാസരൂപേണയും കോമാളിത്തരവുമായി ചിത്രീകരിക്കപ്പെടുന്നു. അതിനുള്ള ഉത്തമ ഉദാഹരണമാണ് 'റോമൻസ്' എന്ന മലയാള സിനിമ. കുഞ്ചാക്കോ ബോബനും ബിജു മേനോനും കേന്ദ്ര കഥാപാത്രങ്ങളായി അവതരിപ്പിക്കുന്ന ഒരു കോമഡി ചിത്രം. ജയിൽ പുള്ളികൾ ജയിൽചാടിവരുകയും അവരുടെ നിലനിൽപ്പിനായി പുരോഹിത വേഷമണിയുകയും ചെയ്യുന്നു. തുടർന്നു കഥ വളരെയധികം യുക്തിരഹിതവും യാഥാർത്ഥ്യവുമായി പുലബന്ധമില്ലാത്തവയുമാണ്. വിശുദ്ധ കുർബാനയെയും ക്രിസ്തീയ ആരാധനകളെയും

www.malankaralibrary.com

സംസ്കാരങ്ങളെയും അപക്വമായി അവഹേളിക്കുകയും ചെയ്യുന്നു. ക്രിസ്തീയ ആരാധന പ്രതിബിംബങ്ങളെയും വിശ്വാസത്തെയും സംസ്കാരത്തെയും കോമഡിയിലൂടെ അവതരിപ്പിക്കുന്നു.

ഇതുപോലെ മറ്റൊരു ഉദാഹരണമാണ് 'അച്ചായൻസ്' എന്ന സിനിമ. ഒരു ധ്യാനം നടത്തുന്ന വൈദികനെ പരിഹാസ കഥാപാത്രമായി ചിത്രീകരിക്കുന്നു. വി. കുർബാന സ്വീകരണവേളയിൽ മദ്യപിച്ചു വരുന്ന നായകന്മാരെ വളരെയധികം ഉയർത്തിക്കാട്ടുന്ന സിനിമ. ഇങ്ങനെ നിരവധിയായ സിനിമകൾ ഉദാഹരണങ്ങളാണ്.

എന്തുകൊണ്ട് ക്രിസ്ത്യാനികൾ ഇതിനെതിരെ ശബ്ദമുയർത്തുന്നില്ല?


കേരളം എന്നത് ക്രിസ്തീയ സംസ്ഥാനമല്ല. പരമ്പരാഗതമായി ക്രിസ്തീയ സംസ്കാരത്തെ മുറുകെപ്പിടിക്കുന്ന ക്രിസ്ത്യാനികളുടെ ഒരു സംസ്ഥാനമാണ്. കേരളത്തിൽ 55% ഹിന്ദുക്കളും 27% മുസ്ലിങ്ങളും ബാക്കി ഏകദേശം 17% ക്രിസ്ത്യാനികളുമാണ്. അതിനാൽ ന്യൂനപക്ഷ വിഭാഗമാണ് ക്രിസ്ത്യാനികൾ. ഈ ഒരു കാരണം കൊണ്ടാണ് മിക്ക സംവിധായകരും നിർമ്മാതാക്കളും ക്രിസ്തീയതയെ കൂടുതലായും ഉപയോഗിക്കുന്നത്. വിവാദങ്ങളിൽ നിന്നും വർഗീയതയിൽ നിന്നുള്ള രക്ഷപ്പെടലായി ഇതിനെ കാണുന്നു. മറ്റു മതങ്ങളിൽ നിന്ന് ക്രിസ്തീയമതമാണ് ഏറ്റവും കൂടുതൽ സഹിഷ്ണുത ഉള്ളതായി കാണപ്പെടുന്നത് (എന്റെ അഭിപ്രായത്തിൽ). പലതരത്തിൽ ക്രിസ്തീയത പരിഹാസ കഥാപാത്രമായി പല സിനിമകളും ദൃശ്യവത്ക്കരിക്കുന്നത് അധികരിക്കപ്പെട്ടിരിക്കുന്നു. ഒരു ക്രിസ്ത്യാനിയും ഇതിനെതിരെ പ്രതിഷേധിക്കുന്നില്ല.. എന്നാൽ ഈ സ്ഥാനത്ത് ഹിന്ദുമതമോ മുസ്ലിം മതമോ ആയിക്കൊള്ളട്ടെ... പല രീതിയിൽ ദേശീയതലത്തിൽ പ്രതിഷേധങ്ങളും വിവാദങ്ങളും സമരങ്ങളും കേസുകളും ഭീഷണികോളുകളും ഒക്കെ സംവിധായകർക്ക് നേരിടേണ്ടി വരുന്നു.

ഒരു ഉദാഹരണം പറയുകയാണെങ്കിൽ 'ദൃശ്യം' സിനിമ. അതിൽ ജോർജുകുട്ടിയും കുടുംബവും വരുൺ എന്ന് പേരുള്ള ഒരു യുവാവിനെ കൊലപ്പെടുത്തുന്നതും തുടർന്നുള്ള രക്ഷപ്പെടുന്നതിനുള്ള മാർഗങ്ങളുമാണ് അതിൽ ചൂണ്ടിക്കാട്ടുന്നത്. എന്നാൽ ഇതിനുപകരം ജോർജുകുട്ടിയുടെ കുടുംബം ഒരു ഹിന്ദു കഥാപാത്രം ആകുകയും വരുൺ ഒരു മുസ്ലിം യുവാവ് ആണെങ്കിൽ എങ്ങനെയിരിക്കും? വിഢ്ഢികളായ സമൂഹ ജനത അതിനെ മതപരമായി ബന്ധപ്പെടുത്തുകയും പ്രതിഷേധം ഉയരുകയും ചെയ്യും. വളരെയധികം സിനിമകൾ ഉദാഹരണങ്ങളാണ്. 'ട്രാൻസ്' വ്യാജ ക്രിസ്ത്യാനി പാസ്റ്റർമാരെ പറ്റി വിമർശിക്കുന്നു. നിരോധിക്കുക നിരോധിക്കുക നിരോധിക്കുക. 'ദൃശ്യം' ക്രിസ്തീയ മൂല്യത്തെ വിമർശിക്കുന്നു. ക്രിസ്ത്യൻ കുടുംബം കൊലചെയ്തു. 'കുമ്പളങ്ങി നൈറ്റ്സ്' ക്രിസ്തീയ കുടുംബ ആക്ഷേപഹാസ്യം തുടങ്ങി നിരവധി വാർത്താകുറിപ്പുകളും സമൂഹമാധ്യമങ്ങളിൽ ഹാഷ്ടാഗ് ഒക്കെ ആയി പ്രത്യക്ഷപ്പെടാം അല്ലേ?

ക്രിസ്ത്യാനികൾ നിർമ്മിക്കുന്ന ഷോർട്ട് ഫിലിം (ക്രിസ്തീയതയ്ക്ക് വേണ്ടി) മാത്രം ഒരു പക്ഷേ ക്രിസ്തീയ മൂല്യത്തെ ഉയർത്തിക്കാട്ടാം. അല്ലാതെ ഏതു സിനിമകളാണ്



www.malankaralibrary.com



ക്രിസ്തീയതയെ പ്രോത്സാഹിപ്പിക്കുന്നത്. എന്ത് വിരോധാഭാസം അല്ലേ?

'ഓം ശാന്തി ഓശാന' എന്ന സിനിമയിൽ ഒരു ക്രിസ്ത്യൻ പെൺകുട്ടി ഒരു ഹിന്ദു യുവാവിനെ വിവാഹം കഴിക്കുന്നതായി കാണിക്കുന്നുണ്ട്. അതിൽ അവസാനം ആ യുവാവ് പെൺകുട്ടിയുടെ പിതാവിനോട് ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. 'എന്തുകൊണ്ട് ഹിന്ദുവിനെ കെട്ടാൻ സമ്മതിച്ചെന്ന്' ആ പിതാവ് നൽകുന്ന മറുപടി 'യേശുക്രിസ്തു ക്രിസ്ത്യാനികൾക്ക് വേണ്ടി മാത്രമല്ലല്ലോ ക്രൂശിക്കപ്പെട്ടത്' എന്ന്.

സമീപകാല സിനിമകളിൽ ക്രിസ്തീയതയെ വളരെയധികം നിലവാര രഹിതമായി ചിത്രീകരിക്കുന്നുണ്ട്. നിരവധി സിനിമകളിൽ നിന്നും നമുക്കിത് ബോധ്യമാകും അവസാനമായി ഒരു ഉദാഹരണം കൂടി 'അടി കപ്യാരെ കൂട്ടമണി' എന്ന സിനിമയിലെ വൈദികനെ പരിഹാസ കഥാപാത്രമായും മണ്ടനായും ആണ് ദൃശ്യവത്കരിക്കുന്നത്. കഞ്ചാവ് ചെടി വളർത്തുന്നതിനും പ്രേതത്തെ ഒഴിവാക്കാൻ ഓജോബോർഡ് കളിക്കുന്നതും അങ്ങനെ നിരവധി അനവധി ഉദാഹരണങ്ങൾ.

സമൂഹ ജനത സിനിമയെ കണക്കാക്കുന്നത് വിനോദത്തിനു വേണ്ടിയുള്ള ഉപാധിയായാണ്. പക്ഷേ മതവിദ്വേഷങ്ങളും വിഡ്ഢി സമൂഹവും സിനിമയിലെ പലരംഗങ്ങളെയും അവരുടേതായ രീതിയിൽ വ്യാഖ്യാനിക്കുകയും വാദിക്കുകയും ചെയ്യുന്നു.

എന്നിരുന്നാലും നിരവധി സിനിമകളിൽ ക്രിസ്തീയ മൂല്യങ്ങളെയും ആരാധനകളെയും സംസ്കാരത്തെയും വിശ്വാസത്തെയും പരിഹസിക്കപ്പെടുകയും വിമർശിക്കപ്പെടുകയും ചെയ്യുന്നുണ്ട്. പല സംവിധായകരും എഴുത്തുകാരും ഇതിൽ കൂടുതൽ പ്രവണത കാണിക്കുന്നത് ഒരുപക്ഷേ ക്രിസ്ത്യാനികൾ ന്യൂനപക്ഷവും, സഹിഷ്ണുത ഉള്ളവരുമായി കണക്കാക്കപ്പെടുന്നതുകൊണ്ടും അവരിൽ നിന്നും വിവാദങ്ങളോ ഭീഷണികളോ ഏൽക്കേണ്ടി വരില്ല എന്നതു കൊണ്ടും ആകും.

ഒരിക്കലും എല്ലാ സിനിമകളും ഇത്തരത്തിലുള്ളതാണെന്ന് പ്രഖ്യാപിക്കുന്നില്ല. വളരെയധികം സിനിമകളിൽ ക്രിസ്തീയതയെ നല്ല രീതിയിൽ പ്രദർശിപ്പിക്കുന്നുണ്ട്. സിനിമയെ സിനിമയുടേതായ രീതിയിൽ എടുത്താൽ തീരാവുന്ന പ്രശ്നങ്ങളെ ഇപ്പോൾ നിലനിൽക്കുന്നുള്ളൂ. ക്രിസ്ത്യാനികൾ ക്രിസ്തീയ മൂല്യത്തെ ഉയർത്തിക്കാട്ടാനും മാതൃകാപരമായ ജീവിതം നയിക്കുകയും ചെയ്യുന്നതിലൂടെ സമൂഹത്തിൽ പലതലത്തിൽ ക്രിസ്തീയ മൂല്യം നേരിടുന്ന പ്രശ്നങ്ങൾക്ക് ഒരുവിധം പരിഹാരമാകും. ഒരു വ്യക്തി നന്നായാൽ കുടുംബം നന്നാവും. സമൂഹം നന്നാവും എന്ന് പറയുന്നതുപോലെ, 'ചെറുതുള്ളികൾ മഹാസമുദ്രമാകും ചെറുതരികൾ ഈ വൻഭൂമിയും' എന്നൊരു കുഞ്ഞൻ കവിത പോലെ, ചെറുചെറുചുവടുകളാണ് മാറ്റത്തിന്റെ വലിയൊരു ആകാശം തുറക്കുക.

www.malankaralibrary.com

# അഭിനന്ദനങ്ങൾ

## തൂലിക 2022 : മത്സരവിജയികൾ

നോട്ടീസ് രചന
1. ലിന്റാ യോഹന്നാൻ , കാരിക്കൽ, പുത്തൂർ
2. ജീന ഡാനി , ചാരുമൂട് , കറ്റാനം
3. അഞ്ജലി ബിജു , വെട്ടിയാർ , മാവേലിക്കര

പത്രവാർത്ത രചന
1. സോനാ സോജി, കൊടുകുളഞ്ഞി, ചെങ്ങന്നൂർ
2. ലാൻസി , കാരിക്കൽ, പുത്തൂർ
3. അജോ എബ്രഹാം , വെട്ടിയാർ , മാവേലിക്കര

കവിതാരചന
1. ഹന്ന സെറാഫിൻ , വെണ്മണി , ചെങ്ങന്നൂർ
2. സുജിത, കുരമ്പാല , കറ്റാനം
4. ലിന്റാ യോഹന്നാൻ , കാരിക്കൽ, പുത്തൂർ

ഉപന്യാസരചന
1. ആൻസി എസ് ജോർജ്, ചൊവള്ളൂർ , കൊല്ലം
2. സിബി ബാബുരാജ് , പൂഴിക്കാട് , കറ്റാനം
3. കെസിയ ബൈജു , അമ്പലപ്പുറം , പുത്തൂർ

കൊളാഷ്
1. സാന്ദ്ര മേരി ജോസഫ് & അഞ്ജന KE
പുന്നമൂട്, മാവേലിക്കര
2. ആൻസൺ അച്ചൻകുഞ്ഞ് & ആൻസി അച്ചൻകുഞ്ഞ്, , അമ്പലപ്പുറം , പുത്തൂർ
3. കടമ്പനാട് വൈദിക ജില്ല

മുദ്രാവാക്യരചന
1. ലിബി ബിജു , കുറത്തികാട് , മാവേലിക്കര
2. ആഗ സജി , കുണ്ടറ , കൊല്ലം
3. ജസ്റ്റിൻ പൊന്നച്ചൻ , അമ്പലപ്പുറം , പുത്തൂർ

കഥാരചന
1. സ്നേഹ അനി , അമ്പലപ്പുറം , പുത്തൂർ
3. ഹന്ന സെറാഫിൻ , വെണ്മണി , ചെങ്ങന്നൂർ
4. ജെസ്ന ജെയ്സൺ , മുടിയൂർക്കോണം , ചെങ്ങന്നൂർ

കാർട്ടൂൺ
1. കടമ്പനാട് വൈദിക ജില്ല
2. പ്രയിസ് അലോഷ്യസ് , മുഖത്തല , കൊല്ലം
3. റീനമോൾ ജി , കാർത്തികപ്പള്ളി , മാവേലിക്കര

പെൻസിൽ ഡ്രോയിങ്
1. അന്ന മേരി വർഗീസ് , വെട്ടിയാർ , മാവേലിക്കര
2. കടമ്പനാട് വൈദിക ജില്ല
3. ആശിഷ് വിൽസൺ , കൊട്ടറ , കൊല്ലം

## വേദി 2022 : മത്സരവിജയികൾ

പദ്യപാരായണം (യുവാവ്)
1. സുബിൻ എസ്, അന്തിച്ചിറ, കടമ്പനാട്
2. അജോയ്. പി ജോൺ, പോരുവഴി, കടമ്പനാട്
3. റിബിൻ രാജ്, കുരമ്പാല, കറ്റാനം

പദ്യപാരായണം (യുവതി)
1. സാന്ദ്ര എലിസബത്ത് ജോൺ, കുറത്തിക്കാട്, മാവേലിക്കര
2. ജെസ്നി തോമസ്, രാമപുരം, മാവേലിക്കര
3. എയ്ഞ്ചൽ മേരി ബിനു, അമ്പലത്തുംകാല, പുത്തൂർ

ലളിതഗാനം (യുവാവ്)
1. സാജൻ തോമസ്, പുലിയില, കൊല്ലം
2. മോഹിത്.ആർ.പണിക്കർ, പുതിയകാവ്, മാവേലിക്കര
3. ജോവിൻ. സി. ജോസ്, വെൺമണി, ചെങ്ങന്നൂർ
3. ജോദം. ജെ. പാപ്പച്ചൻ, തൂവയൂർ ഈസ്റ്റ്, കടമ്പനാട്

ലളിതഗാനം (യുവതി)
1. നിമ്മി സൂസന്ന ഗീവർഗീസ്, കാരിച്ചാൽ, മാവേലിക്കര
2. ജുവൽ എൽസ മാത്യു, കുറത്തിക്കാട്, മാവേലിക്കര
3. അതുല്യ, കൊട്ടറ, കൊല്ലം

വചനപ്രഘോഷണം
1. ജെസ്റ്റിൻ ജോസഫ്, കറ്റാനം, കറ്റാനം
2. വിബിൻ വിൻസി, കടമ്പനാട്, കടമ്പനാട്
3. നിജോ ഈപ്പൻ പണിക്കർ, കാരിച്ചാൽ, മാവേലിക്കര

www.malankaralibrary.com

# അഭിനന്ദനങ്ങൾ

പ്രസംഗം (യുവാവ്)
1. ജെറിൻ. ബി പഴകുളം, കറ്റാനം
2. വിബിൻ വിൻസി, കടമ്പനാട്, കടമ്പനാട്
3. ജെസ്റ്റിൻ ജോസഫ് കറ്റാനം, കറ്റാനം

പ്രസംഗം (യുവതി)
1. സ്റ്റെഫി റോസ് ബാബു, പുതിയകാവ്, മാവേലിക്കര
2. ജിനി രഞ്ചൻ, തൂവയൂർ ഈസ്റ്റ്, കടമ്പനാട്
3. മെർലിൻ.ജെ.അനിൽ, നല്ലില, കൊല്ലം
3. അനിൽ ജോർജ്, കറ്റാനം, കറ്റാനം

മോണോആക്ട്
1. സ്റ്റെഫി റോസ് ബാബു, പുതിയകാവ് മാവേലിക്കര
2. ജെസ്റ്റിൻ ജോസഫ്, ചാരുംമൂട്, കറ്റാനം
3. ലിജിൻ ബാബു, പുത്തൂർ, പുത്തൂർ

**സംഘയിനം**

ഡിബേറ്റ്
1. രാഹുൽ ജോസഫ് & ജസ്റ്റിൻ ജോസഫ്, കറ്റാനം, കറ്റാനം
2. നിമ്മി സൂസന്ന ഗീവർഗീസ് & നിജോ ഈപ്പൻ പണിക്കർ, കാരിച്ചാൽ, മാവേലിക്കര
3. ലാൻസി മോൾ & ബെൻസി അനിയൻ, കാരിക്കൽ, പുത്തൂർ

മാർഗംകളി
1. കൊല്ലം വൈദിക ജില്ല
2. ചെങ്ങന്നൂർ വൈദിക ജില്ല
3. മാവേലിക്കര വൈദിക ജില്ല
3. പുത്തൂർ വൈദിക ജില്ല

മൈം
1. മാവേലിക്കര വൈദിക ജില്ല
2. കടമ്പനാട് വൈദിക ജില്ല
3. കറ്റാനം വൈദിക ജില്ല

ആരാധനാഗീതം
1. കടമ്പനാട് വൈദിക ജില്ല
2. കറ്റാനം വൈദിക ജില്ല
3. കൊല്ലം വൈദിക ജില്ല
3. പുത്തൂർ വൈദിക ജില്ല

എം. സി. വൈ. എം ആന്തം
1. കടമ്പനാട് വൈദിക ജില്ല
2. കറ്റാനം വൈദിക ജില്ല
3. മാവേലിക്കര വൈദിക ജില്ല






www.malankaralibrary.com

# അഭിനന്ദനങ്ങൾ


















www.malankaralibrary.com


# വേദി 2022



www.malankaralibrary.com

## ഭദ്രാസന സമിതി

### പ്രതിഷേധവും മുഖ്യമന്ത്രിക്ക് കത്തും




ഗാന്ധിജയന്തിദിനമായ ഒക്ടോബർ 2 ഞായറാഴ്ച പ്രവൃത്തിദിനമാക്കാനുള്ള സർക്കാർ നീക്കത്തിനെതിരെ എം. സി. വൈ. എം. മാവേലിക്കര ഭദ്രാസന സമിതി പ്രതിഷേധമറിയിക്കുകയും പ്രസ്തുത തീരുമാനം പിൻവലിക്കണം എന്നാവശ്യപ്പെട്ടു കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന് കത്ത് അയക്കുകയും ചെയ്തു.

### യുവജനദിനാഘോഷം

എം. സി. വൈ. എം. സ്വർഗ്ഗീയ മദ്ധ്യസ്ഥൻ വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ തിരുനാൾ ദിനമായ ഒക്ടോബർ 4 നോട് ചേർന്ന് വന്ന ഞായാറാഴ്ച ഒക്ടോബർ 2 ഭദ്രാസനത്തിലെ വൈദിക ജില്ലകളിലും യൂണിറ്റുകളിലും യുവജന ദിനാഘോഷം സംഘടിപ്പിച്ചു. ഭദ്രാസനതല യുവജന ദിനാഘോഷം പെരിങ്ങനാട് യൂണിറ്റിനോട് ചേർന്ന് നടത്തപ്പെട്ടു. പെരിങ്ങനാട് യൂണിറ്റ് അനിമേറ്റർ റവ. സി. അനിഷാ എസ്. സി. വി, എം. സി. വൈ. എം പതാക ഉയർത്തി, എം. സി. വൈ. എം ഭദ്രാസന ട്രഷറർ കിച്ചു തോമസ് എം. സി. വൈ. എം പ്രതിജ്ഞ ചൊല്ലികൊടുത്തു. ശേഷം എം. സി. വൈ. എം ഭദ്രാസന ഡയറക്ടർ റവ. ഫാ. വർഗീസ് മുകുളുംപുറത്ത് യുവജനങ്ങൾക്കായി വി. കുർബാന അർപ്പിച്ചു. തുടർന്ന് പൊതുസമ്മേളനം നടത്തപ്പെട്ടു.



### ത്രൈമാസികാ പ്രകാശനം

എം. സി. വൈ. എം മാവേലിക്കര ഭദ്രാസന സമിതിയുടെ ഡിജിറ്റൽ ത്രൈമാസിക **യുവദീപ്തി** പെരിങ്ങനാട്, സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് 2022 ഒക്ടോബർ 2 ന് ഭദ്രാസന സമിതി അംഗങ്ങളുടെ സാന്നിധ്യത്തിൽ ഡയറക്ടർ റവ. ഫാ. വർഗ്ഗീസ് മുകുളുംപുറത്ത് പ്രകാശനം ചെയ്തു.





www.malankaralibrary.com

## അന്തർദേശീയ ക്വിസ് മത്സരം

എം സി വൈ എം സഭാതല സമിതിയുടെ നേതൃത്വത്തിൽ 2022 ഒക്ടോബർ 8 ന് നടത്തപ്പെട്ട അന്തർദേശീയ ക്വിസ് മത്സരത്തിൽ ഭദ്രാസന ടീം പങ്കെടുക്കുകയും ഒന്നാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു.

ടീം അംഗങ്ങൾ

ലിബിൻ ബാബു (പുത്തൂർ യൂണിറ്റ്, പുത്തൂർ വൈദിക ജില്ല)

ലിജിൻ ബാബു (പുത്തൂർ യൂണിറ്റ്, പുത്തൂർ വൈദിക ജില്ല)

അഞ്ചു അജി (നല്ലില യൂണിറ്റ്, കൊല്ലം വൈദിക ജില്ല)







## ഹെസദ് 2022

2022 ഒക്ടോബർ 9 ന് എം. സി. വൈ. എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ ആനന്ദപ്പള്ളിയിൽ വച്ച് നടത്തപ്പെട്ട എം സി വൈ എം സഭാതല സമിതിയുടെ യുവജന ദിനാഘോഷം ഹെസദ് 2022 ൽ ഭദ്രാസനത്തിലെ യുവജനങ്ങൾ സംബന്ധിച്ചു. ഹെസദ് 2023 ന് ആതിഥേയത്വം വഹിക്കുന്ന മാവേലിക്കര ഭദ്രാസന സമിതി ഭാരവാഹികൾക്ക് എം. സി. വൈ. എം പതാക അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവും, അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പസ് പിതാവും ചേർന്ന് ഔദ്യോഗികമായി കൈമാറി.





## വേദി 2022

എം.സി. വൈ. എം. മാവേലിക്കര ഭദ്രാസന കലോത്സവം വേദി 2022 ഒക്ടോബർ 24 ന് എം.സി.വൈ. എം. മാവേലിക്കര വൈദിക ജില്ലയുടെ ആതിഥേയത്വത്തിൽ കല്ലുമല, മാർ ഇവാനിയോസ് കോളേജിൽ വച്ച് നടത്തപ്പെട്ടു. രാവിലെ 9.30 ന് സിസ്റ്റർ ആനിമേറ്റർ സജീവ എസ്.ഐ.സി. എം.സി. വൈ .എം . പതാക ഉയർത്തി . ഭദ്രാസന കലോത്സവം വേദി 2022 എം. സി. വൈ .എം. ഡയറക്ടർ റവ. ഫാ. വർഗ്ഗീസ് മുകുളുംപുറത്തിന്റെയും ഭദ്രാസന സമിതി അംഗങ്ങളുടെയും സാന്നിധ്യത്തിൽ മാവേലിക്കര ഭദ്രാസന വികാരി ജനറാൾ വന്ദ്യ യൂഹാന്നോൻ പുത്തൻവീട്ടിൽ റമ്പാൻ തിരിതെളിച്ച്

www.malankaralibrary.com

ഉദ്ഘാടനം ചെയ്തു . യോഗത്തിന് ഭദ്രാസന പ്രസിഡന്റ് ജിതിൻ ഷാജി അദ്ധ്യക്ഷത വഹിക്കുകയും ജനറൽ സെക്രട്ടറി രഞ്ചു ആർ സ്വാഗതം ആശംസിക്കുകയും ചെയ്തു.
ആറ് വൈദിക ജില്ലകൾ ഒപ്പത്തിന് ഒപ്പം പോരാടിയ കലയുടെ മാമാങ്കം.......

3 വേദികളിലായി 200 ഓളം മത്സരാർത്ഥികൾ പങ്കെടുത്ത 8 വ്യക്തിഗത 5 സംഘയിന പോരാട്ടത്തിനൊടുവിൽ 149 പോയിന്റോടുകൂടി മാവേലിക്കര വൈദിക ജില്ല ഓവറോൾ ഒന്നാം സ്ഥാനവും 117 പോയിന്റോടുകൂടി കറ്റാനം, കടമ്പനാട് വൈദിക ജില്ലകൾ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. 91 പോയിന്റോടുകൂടി മൂന്നാം സ്ഥാനം കൊല്ലം വൈദിക ജില്ലയും സ്വന്തമാക്കി.കലാപ്രതിഭയായി കറ്റാനം വൈദിക ജില്ലയിലെ ജസ്റ്റിൻ ജോസഫിനെയും കലാതിലകമായി മാവേലിക്കര വൈദിക ജില്ലയിലെ സ്റ്റെഫി റോസ് ബാബുവിനെയും തെരഞ്ഞെടുത്തു. മാവേലിക്കര വൈദിക ജില്ല വികാരി റൈറ്റ്. റവ. ജോർജ് ചരുവിള കോർ എപ്പിസ്കോപ്പ വിജയികൾക്കുള്ള സമ്മാനദാനം നിർവഹിച്ചു. സേവറിയോസ് അച്ചന്റെ നിറവാർന്ന ഗാനാലാപനം വേദി 2022 നെ ആവേശത്തിലാഴ്ത്തി. ഭദ്രാസന ട്രഷറാർ കിച്ചു തോമസ് നന്ദി അർപ്പിച്ചു.




## അമ്മയോടൊപ്പം

കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ നിർദ്ദേശപ്രകാരം അമ്മയോടൊപ്പം ജപമാല പ്രാർത്ഥന നടത്തി. ഭദ്രാസന അധ്യക്ഷനേയും ഭദ്രാസനത്തിലെ എല്ലാ വിശ്വാസികളെയും പ്രത്യേകമായിട്ട് എല്ലാ യുവജനങ്ങളെയും പരിശുദ്ധ അമ്മയുടെ മാധ്യസ്ഥത്തിന്റെ തണലിൽ ചേർത്ത്, സഭയ്ക്കും സമൂഹത്തിനും ഉദാത്ത മാതൃകയായി ഒരു മുതൽക്കൂട്ടായി ജീവിത വിശുദ്ധിയിൽ നിലനിൽക്കുവാൻ ഉള്ള കൃപയേകണമേ എന്ന് കേരള കത്തോലിക്ക യുവജന പ്രസ്ഥാനത്തിലെ യുവജനങ്ങൾ ഒരുമയോടെ പ്രാർത്ഥിച്ചു. പെരിങ്ങനാട് സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്ക ദൈവാലയത്തിൽ വച്ച് നടന്ന ഈ ജപമാല പ്രാർത്ഥനയിൽ യുവജനങ്ങൾ ഓൺലൈൻ ആയി പങ്കുചേർന്നു.




## കാർലോസ് കാരവാൻ

കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ പരിപടിയായ കാർലോസ് കാരവാന്റെ ഭാഗമായി 2022 നവംബർ 26 ന് ഭദ്രാസന സെക്രട്ടറി ജൂലി യോഹന്നാൻ വി. ജോൺ ബെർക്കുമെൻസിന്റെ ജീവചരിത്രം പങ്കുവച്ചു.

## ഷട്ടിൽ ടൂർണമെന്റ്

എം സി വൈ എം മാവേലിക്കര ഭദ്രാസന ഷട്ടിൽ ടൂർണമെന്റ് പുത്തൂർ വൈദീക ജില്ലയുടെ ആതിഥേയത്വത്തിൽ പുത്തൂർ റോട്ടറി ക്ലബിൽ വച്ച് 2022 നവംബർ 26 ന് നടത്തപ്പെട്ടു. എം സി വൈ എം പുത്തൂർ വൈദീക ജില്ല ഡയറക്ടർ റവ. ഫാ. ജോൺ ആയണുവേലിൽ പ്രാരംഭപ്രാർത്ഥന നടത്തുകയും തുടർന്ന് മുൻ എം സി വൈ എം സഭാതല ഡയറക്ടർ റവ. ഫാ. ജോബ് കല്ലുവിളയിലിന്റെ സാന്നിധ്യത്തിൽ പുത്തൂർ വൈദീക ജില്ലാ വികാരി റവ. ഫാ. കാലേബ് ചെറുവള്ളിൽ ഷട്ടിൽ

www.malankaralibrary.com


ടൂർണമെന്റിന്റെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. ആവേശകരമായ മത്സരത്തിലൂടെ മെൻസ് ഡബിൾസ് വിഭാഗത്തിൽ ഒന്നാം സ്ഥാനം കല്ലുവാതുക്കൽ യൂണിറ്റ് അംഗങ്ങളായ ആൽവിൻ ഇമ്മാനുവേലും ബിനുവും ഉൾപ്പെട്ട കൊല്ലം വൈദീക ജില്ലയും രണ്ടാം സ്ഥാനം കറ്റാനം യൂണിറ്റ് അംഗം നൈനാൻ തരകനും ചാരുംമൂട് യൂണിറ്റ് അംഗം ബിബിൻ ബി ഡാനിയേലും ഉൾപ്പെട്ട കറ്റാനം വൈദീക ജില്ലയും കരസ്ഥമാക്കി. വുമൺസ് സിംഗിൾസ് വിഭാഗത്തിൽ പുത്തൂർ വൈദീകജില്ല അമ്പലപ്പുറം യൂണിറ്റ് അംഗം ആൻ മേരി ബിനു ഒന്നാം സ്ഥാനവും പുത്തൂർ വൈദീക ജില്ല കാരിക്കൽ യൂണിറ്റ് അംഗം അക്സ ഷാജി രണ്ടാം സ്ഥാനവും കരസ്ഥമാക്കി.




## സ്നേഹപൂർവ്വം കെ.സി.വൈ.എം (പൊതിച്ചോർ വിതരണം)

പൈയ്ക്കുന്ന പള്ളയിലെ തീയണയ്ക്കാൻ കെ. സി.വൈ.എം സംസ്ഥാന സമിതിയുടെ സ്നേഹപൂർവ്വം കെ.സി.വൈ.എം പദ്ധതിയുടെ ഭാഗമായി എം. സി. വൈ. എം. മാവേലിക്കര ഭദ്രാസന സമിതി പൊതിച്ചോറുകൾ വിതരണം ചെയ്തു. 2022 ഡിസംബർ 11 ഉച്ചക്ക് 12.30 ന് കായംകുളത്ത് തെരുവിൽ അലയുന്ന നൂറോളം പേർക്ക് ഭദ്രാസന സമിതി അംഗങ്ങളുടെ നേതൃത്വത്തിൽ ഭക്ഷണപൊതികൾ നൽകി.




## ക്രിസ്തുമസ് ആഘോഷം




എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന സമിതിയുടെ ക്രിസ്തുമസ് ആഘോഷം 2022 ഡിസംബർ 18 ന് മാവേലിക്കര, ഇരേഴ ഫ്രാൻസിസ് ഹോമിൽ വച്ച് നടത്തപ്പെട്ടു. സന്തോഷത്തിന്റെയും സമാധാനത്തിന്റെയും നാഥനായ യേശുക്രിസ്തുവിന്റെ തിരിപിറവിയുടെ ആഘോഷം ഫ്രാൻസിസ്

www.malankaralibrary.com

ഹോമിലെ കുട്ടികളുമായി പങ്കുവയ്ക്കാൻ സമിതിയ്ക്ക് സാധിച്ചു. ഭദ്രാസന ഡയറക്ടർ റവ.ഫാ. വർഗ്ഗീസ് മുകുളുംപുറത്തും സമിതി അംഗങ്ങളും റവ. സി. ജോവിറ്റ എസ്.ഐ.സി.യും തദവസരത്തിൽ ക്രിസ്തുമസ് സന്ദേശം നൽകി. ക്രിസ്തുമസ് കേക്ക് മുറിച്ച് ആരംഭിച്ച ആഘോഷങ്ങൾ കുട്ടികളുടെയും സമിതി അംഗങ്ങളുടെയും വിവിധതരം കലാപരിപാടികളോടെ അവസാനിച്ചു. തുടർന്നു ഭദ്രാസന ട്രഷറർ കിച്ചു തോമസ് നന്ദി പറഞ്ഞു. ശേഷം കുട്ടികളോട് ചേർന്ന് ഭക്ഷണം പങ്കിടുകയും ചെയ്തു.

## പോസ്റ്റ്കാർഡ് ആശംസ




എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ക്രിസ്തുമസ്, പുതുവത്സരാശംസകൾ അറിയിച്ചു കൊണ്ടും കഴിഞ്ഞ ഒരു വർഷകാലത്തെ സമിതിയുടെ പ്രവർത്തനങ്ങളിലെ സഹകരണത്തിന് നന്ദി അറിയിച്ചുകൊണ്ടും പോസ്റ്റ് കാർഡുകൾ അയച്ചു. മാവേലിക്കര ഭദ്രാസനത്തിലെ യുവജനങ്ങൾക്കും വൈദീകർക്കും മറ്റ് പ്രിയപ്പെട്ടവർക്കും ഉൾപ്പെടെ രണ്ടായിരത്തോളം പേർക്കാണ് പോസ്റ്റ് കാർഡുകൾ അയച്ചത്

## സമർപ്പിതൻ

മാവേലിക്കര ഭദ്രാസനത്തിലെ നവവൈദീകരുടെ പൗരോഹിത്യ സ്വീകരണത്തോടനുബന്ധിച്ച് 2022 ഡിസംബർ 27 ന് ശുശ്രൂഷ ഗാനങ്ങൾ, ആശംസകൾ എന്നിവ ഉൾപ്പെടുത്തി എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന സമിതി സമർപ്പിതൻ പ്രസിദ്ധീകരിച്ചു. മാവേലിക്കര ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലിത്ത ഭദ്രാസന വികാരി ജനറൽ വന്ദ്യ യൂഹാന്നോൻ പുത്തൻവീട്ടിൽ റമ്പാന് നൽകികൊണ്ട് സമർപ്പിതന്റെ പ്രകാശനം നിർവഹിച്ചു.



www.malankaralibrary.com

## കൊല്ലം വൈദിക ജില്ല

### ഹെസദ് 2022 (യുവജനദിനാഘോഷം)



എം.സി.വൈ.എം കൊല്ലം വൈദീക ജില്ല യുടെ നേതൃത്വത്തിൽ 'ഹെസദ് 2022' യുവജനദിനാഘോഷം കുണ്ടറ ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ വച്ച് 2022 ഒക്ടോബർ 2 ന് അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പസ് പിതാവിന്റെ സാന്നിധ്യത്തിൽ നടത്തപ്പെട്ടു. അഭിവന്ദ്യ പിതാവ് എം. സി. വൈ.എം പതാക ഉയർത്തുകയും, യുവജനദിന സന്ദേശം നല്കുകയും ചെയ്തു. യുവജന കമ്മീഷന്റെ നിയുക്ത ചെയർമാനായ അഭിവന്ദ്യ പിതാവിന് എം .സി.വൈ.എം കൊല്ലം വൈദീക ജില്ല ഡയറക്ടർ ഫാ. ജോൺ കടുവിങ്കൽ ആശംസകൾ നേർന്നു ഒപ്പം കൊല്ലം ജില്ല പ്രസിഡന്റ് ശ്രീ. റോജി കുര്യൻ ആശംസകളും അനുമോദനങ്ങളും അറിയിച്ചു. തുടർന്ന് സെക്രട്ടറി സജിനി ജില്ലയുടെ ഉപഹാരം അഭിവന്ദ്യ പിതാവിന് നൽകുകയും ചെയ്തു.

### വേദി 2022

എം. സി. വൈ. എം കൊല്ലം വൈദീക ജില്ലയുടെ നേതൃത്വത്തിൽ വേദി 2022 കലാമത്സരങ്ങൾ വളരെ ഭംഗിയായി നടത്തുവാൻ സർവ്വശക്തനായ ദൈവം ഇടയാക്കി. കൊല്ലം ജില്ല വികാരി റവ. ഫാ ജോസ് വെണ്മലോട്ട് വേദി 2022 ഉദ്ഘാടനം ചെയ്തു. 19 യൂണിറ്റിൽ, 16 യൂണിറ്റ് മത്സരത്തിൽ പങ്കെടുത്തു. അതിൽ ഓവറോൾ ഒന്നാം സ്ഥാനം പള്ളിമൺ യൂണിറ്റും, രണ്ടാം സ്ഥാനം മരുതമൺപള്ളി യൂണിറ്റും, മൂന്നാം സ്ഥാനം കുണ്ടറ യൂണിറ്റും കരസ്ഥമാക്കി.




### ബ്ലാങ്കറ്റ് ചലഞ്ച്



www.malankaralibrary.com

എം. സി. വൈ. എം കൊല്ലം വൈദീക ജില്ല യുടെ നേതൃത്വത്തിൽ, തെരുവോരങ്ങളിൽ കഴിയുന്നവർക്ക് ശീതകാലത്ത് ഒരു ആശ്വാസമായി, ഡിസംബർ മാസത്തിൽ നടത്തിവരുന്ന ബ്ലാങ്കറ്റ് ചലഞ്ച് ഈ വർഷവും ഭംഗിയായി നടത്തുവാനായിട്ട് സാധിച്ചു.യൂണിറ്റുകളിൽ നിന്നും ശേഖരിച്ച അമ്പതോളം ബ്ലാങ്കറ്റുകൾ 2022 ഡിസംബർ 5 ന് കൊല്ലം നഗരത്തിലെ വിവിധ സ്ഥലങ്ങളിൽ വിതരണം ചെയ്തു.

## വാർഷിക സെനറ്റ്



എം. സി. വൈ. എം കൊല്ലം വൈദീക ജില്ലയുടെ വാർഷിക സെനറ്റ് 2022 ഡിസംബർ 10 ആം തീയതി ഉച്ചയ്ക്ക് 2 മണിക്ക് നല്ലില സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. ജില്ലാ പ്രസിഡന്റ് റോജി കുര്യന്റെ അധ്യക്ഷതയിൽ ചേർന്ന വാർഷിക സെനറ്റ്, നല്ലില ഇടവക വികാരി ബഹുമാനപ്പെട്ട ജോബ് കല്ലുവിളയിൽ അച്ചൻ ഉദ്ഘാടനം ചെയ്തു. സെനറ്റിൽ 10 യൂണിറ്റുകൾ പങ്കെടുക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.യൂണിറ്റ് റിപ്പോർട്ട് അവതരണത്തിന് ശേഷം ജില്ല സമിതിയുടെ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ചെയ്തു.

## കറ്റാനം വൈദിക ജില്ല

### വേദി 2022






എം. സി. വൈ. എം കറ്റാനം വൈദിക ജില്ലയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ മാസം അഞ്ചാം തീയതി കറ്റാനം പോപ്പ് പയസ് XI ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് വേദി കലാമത്സരം നടത്തപ്പെട്ടു. എം. സി. വൈ. എം കറ്റാനം യൂണിറ്റ് ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് തിരുവാലിൽ എം. സി. വൈ. എം പതാക ഉയർത്തുകയും, തിരിതെളിച്ച് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. പ്രസ്തുത മത്സരത്തിൽ ഓവറോൾ ഒന്നാം സ്ഥാനം ചാരുംമൂട്, പൂഴിക്കാട് യൂണിറ്റുകളും, രണ്ടാം സ്ഥാനം കറ്റാനം, പഴകുളം യൂണിറ്റുകളും മൂന്നാം സ്ഥാനം കുരമ്പാല യൂണിറ്റും കരസ്ഥമാക്കി. വേദി 2022 കലാപ്രതിഭയായി ചാരുംമൂട് യൂണിറ്റംഗം മനു മാത്യുവും കലാതിലകമായി പഴകുളം യൂണിറ്റംഗം സിസി മറിയം സൈമണും തിരഞ്ഞെടുക്കപ്പെട്ടു.

www.malankaralibrary.com

## ജപമാല സമർപ്പണവും പരിശുദ്ധ കുർബാനയുടെ ആരാധനയും



എം. സി. വൈ. എം കറ്റാനം വൈദിക ജില്ലയുടെ ആഭിമുഖ്യത്തിൽ നൂറനാട് സെന്റ് റെനാത്തോസ് മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയത്തിൽ വച്ച് ഒക്ടോബർ 30 ന് ജപമാലയും പരിശുദ്ധ കുർബാനയുടെ ആരാധനയും നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടറും ജില്ല വികാരിയും ആയിരിക്കുന്ന ബഹുമാനപ്പെട്ട സ്റ്റീഫൻ മാത്യു അച്ചൻ സന്ദേശം നൽകുകയും, ജില്ലാ ഡയറക്ടർ വർഗീസ് കുന്നത്തേത്ത് അച്ചൻ ആരാധനയ്ക്ക് നേതൃത്വം നൽകുകയും യുവജനങ്ങൾ ഭക്തിപൂർവ്വം ജപമാലയിൽ പങ്കെടുക്കുകയും ചെയ്തു.

## സ്മാഷ് ഷട്ടിൽ ടൂർണമെന്റ്

എം. സി. വൈ. എം കറ്റാനം വൈദീക ജില്ലയുടെ ആഭിമുഖ്യത്തിൽ സ്മാഷ് ഷട്ടിൽ ടൂർണമെന്റ് 2022 നവംബർ 20 ഉച്ചയ്ക്ക് രണ്ടു മണിക്ക് ചാരുംമൂട് ഇടവക ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. മെൻസ് ഡബിൾസിൽ കറ്റാനം യൂണിറ്റിലെ നൈനാൻ തരകനും ജോസ് തരകനും ഒന്നാം സ്ഥാനവും ചാരുംമൂട് യൂണിറ്റിലെ മനോ മാത്യുവും ബിബിൻ ബി ഡാനിയേലും രണ്ടാം സ്ഥാനവും കരസ്ഥമാക്കി. വിമൻസ് സിംഗിൾസിൽ കറ്റാനം യൂണിറ്റിലെ ജെസ്ന സൂസൻ സിബി ഒന്നാം സ്ഥാനവും പൂഴിക്കാട് യൂണിറ്റിലെ റെനി ബിജോ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.



## PHOENIX: യുവജന സംഗമം



എം സി വൈ എം കറ്റാനം വൈദിക ജില്ല സമിതിയുടെ നേതൃത്വത്തിൽ യുവജന സംഗമവും, തൂലിക വേദി മത്സരത്തിൽ വിജയികളായവർക്കുള്ള സമ്മാനദാനവും 2022 നവംബർ 27 ഞായറാഴ്ച്ച പൂഴിക്കാട് സെന്റ് സ്റ്റീഫൻസ് മലങ്കര സുറിയാനി കത്തോലിക്ക ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. 1:30 ന്

www.malankaralibrary.com

രജിസ്ട്രേഷനോടുകൂടി ആരംഭിച്ച ഈ സംഗമത്തിൽ എം. സി. വൈ. എം മാവേലിക്കര ഭദ്രാസന ആനിമേറ്റർ റവ. സി. സജീവ SIC എം. സി. വൈ. എം പതാക ഉയർത്തുകയും ജില്ലാ പ്രസിഡന്റ് ജോബിൻ ജി ജോൺ അധ്യക്ഷപദം അലങ്കരിക്കുകയും, പൂഴിക്കാട് യൂണിറ്റ് ഡയറക്ടർ ഫാ മാത്യു വലിയപറമ്പിൽ ആശംസ നേരുകയും ചെയ്തു. തുടർന്ന് യുവജന സംഗമത്തിന്റെ മുഖ്യാതിഥി എം സി വൈ എം സഭാതല ട്രഷറർ ജോബിൻ ഡേവിഡിന്റെ നേതൃത്വത്തിൽ യുവജനസംഗമം നടത്തപ്പെട്ടു. ജില്ലയുടെ തൂലിക വേദി മത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനദാനം നടത്തപ്പെടുകയും ചെയ്തു.

## മാവേലിക്കര വൈദിക ജില്ല

### രക്തദാന ക്യാമ്പ്




എം.സി.വൈ.എം മാവേലിക്കര വൈദീക ജില്ലയുടെ നേതൃത്വത്തിൽ തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജിന്റെയും HDFC ബാങ്കിന്റെയും സഹായത്തോടെ രക്തദാന ക്യാമ്പ് ഡിസംബർ മാസം 3 ശനിയാഴ്ച രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ കുറത്തികാട് യൂണിറ്റിന്റെ ആതിഥേയത്വത്തിൽ കുറത്തികാട് ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു.

### വേദി 2K22



എം. സി. വൈ. എം മാവേലിക്കര കലാ മത്സരങ്ങൾ 2022 ഒക്ടോബർ 4 ന് തീയതി നങ്ങ്യാർകുളങ്ങര ബഥനി ബാലിക മഠം സ്കൂളിൽ വച്ച് നടത്തപ്പെട്ടു.14 യൂണിറ്റിൽ നിന്നും യുവജനങ്ങൾ കലാ മൽസരത്തിൽ പങ്കെടുത്തു. ഓവറോൾ ഒന്നാം സ്ഥാനം കുറത്തികാട് യൂണിറ്റും രണ്ടാം സ്ഥാനം പുന്നമൂട് യൂണിറ്റും മൂന്നാം സ്ഥാനം വെട്ടിയാർ യൂണിറ്റും കരസ്ഥമാക്കി.

## ചെങ്ങന്നൂർ വൈദിക ജില്ല


### വേദി 2022

ചെങ്ങന്നൂർ വൈദിക ജില്ലയുടെ നേതൃത്വത്തിൽ വേദി 2022 കലാ മത്സരങ്ങൾ ഒക്ടോബർ മാസം എട്ടാം തീയതി പുലിയൂർ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. 12 യൂണിറ്റുകൾ മത്സരത്തിൽ പങ്കെടുത്തു. രാവിലെ കൃത്യം 8:30 ക്ക് തന്നെ രജിസ്ട്രേഷൻ ആരംഭിക്കുകയും, തുടർന്ന് ജില്ലാ ആനിമേറ്റർ സിസ്റ്റർ നിലീന S.I.C പതാക ഉയർത്തി. ജില്ലാ വികാരി റവ.ഫാ.ഡാനിയേൽ തെക്കേടത്ത് ഉദ്ഘാടനം നിർവഹിച്ചു. തുടർന്ന് ജില്ലാ ഡയറക്ടർ റവ.ഫാ.ജെയിൻ തെങ്ങുവിള ആമുഖപ്രസംഗം നടത്തുകയും, ലെആനിമേറ്റർ റോബി ജോൺ പൊതു നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.രണ്ടു വേദികളിലായി കലാ മത്സരങ്ങൾ നടത്തപ്പെട്ടു. ഓവറോൾ ഒന്നാം സ്ഥാനം പുലിയൂർ യൂണിറ്റും,ചെന്നിത്തല യൂണിറ്റും കരസ്ഥമാക്കി. രണ്ടാം സ്ഥാനം ഇലഞ്ഞിമേൽ യൂണിറ്റും മൂന്നാം സ്ഥാനം വെണ്മണി യൂണിറ്റും കരസ്ഥമാക്കി.

www.malankaralibrary.com



## പ്രാർത്ഥന കൂട്ടായ്മ



എം. സി. വൈ. എം ചെങ്ങന്നൂർ വൈദീക ജില്ലയിലെ യുവജനങ്ങളെ ആത്മീയമായി ഒരു കൂട്ടായ്മയിൽ ഒന്നിച്ച് നിർത്തുവാൻ ജില്ലയുടെ നേതൃത്വത്തിൽ ഒരു പ്രാർത്ഥന കൂട്ടായ്മയ്ക്ക് ആരംഭം കുറിച്ചു. ജില്ല സിസ്റ്റർ ആനിമേറ്റർ റവ. സി. നിലീന S.I.C യുടെ നേതൃത്വത്തിൽ കോടുകുളഞ്ഞി യൂണിറ്റിൽ വച്ച് 2022 നവംബർ 27 ന് പ്രാർത്ഥന കൂട്ടായ്മ ആരംഭിച്ചു. ലോകം മുഴുവനും വേണ്ടിയും എല്ലാ യുവജനങ്ങൾക്കും വേണ്ടിയും കരുണക്കൊന്ത ചൊല്ലുകയും, പാട്ടുകൾ പാടുകയും, വിശുദ്ധ ബൈബിൾ വായിക്കുകയും, സ്വയം പ്രേരിത പ്രാർത്ഥന നടത്തുകയും ചെയ്തു. എല്ലാ മാസത്തിലും ഒരു ഞായറാഴ്ച ജില്ലയിലെ ഓരോ യൂണിറ്റുകളിലായി ഈ പ്രാർത്ഥന കൂട്ടായ്മ നടത്തിവരുന്നതാണ്.

## യുവജന ദിനം



യുവജന ദിനത്തോടനുബന്ധിച്ച് എം. സി. വൈ. എം ചെങ്ങന്നൂർ വൈദിക ജില്ലയുടെ നേതൃത്വത്തിൽ പൗരോഹിത്യ ശുശ്രൂഷയുടെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ബഹു.ഫാ.ചെറിയാൻ കുളഞ്ഞികൊമ്പിലിനെ മൊമെന്റോ നൽകി ആദരിച്ചു.

www.malankaralibrary.com

## ഷട്ടിൽ ടൂർണമെന്റ്



ചെങ്ങന്നൂർ വൈദിക ജില്ലയിലെ യുവജനങ്ങളുടെ കായികപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ വർഷത്തെയും പോലെ ജില്ലയുടെ നേതൃത്വത്തിൽ നവംബർ മാസം ഇരുപതാം തീയതി വെണ്മണി യൂണിറ്റിൽ വെച്ച് ഷട്ടിൽ ടൂർണമെൻറ് നടത്തപ്പെട്ടു. നാലു യൂണിറ്റുകൾ പങ്കെടുത്ത ടൂർണമെന്റിൽ വെൺമണി യൂണിറ്റ് ഒന്നാം സ്ഥാനവും ഇലഞ്ഞിമേൽ യൂണിറ്റ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി.